# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 303** **22/08/2017-ൽ മറുപടിക്ക്**

## പകർച്ചപ്പനി ഭീഷണി നേരിട്ടുവാൻ പദ്ധതി

**ചോദ്യം**

**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**,, കെ.മുരളീധരൻ**
**,, അൻവർ സാദത്ത്**
**,, വി.ടി.ബൽറാം**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

എ) പ്രാഥമിക ആരോഗ്യ സംരക്ഷണ-മേഖലയിലെ അവഗണനയാണ് ഈ വർഷം പകർച്ചപ്പനി വ്യാപക-മാകുന്നതിനും മരണസംഖ്യ ഉയരുന്ന-തിനും കാരണമായത് എന്ന് കണ്ടെത്തിയിട്ടുണ്ടോ;

എ) കണ്ടെത്തിയിട്ടില്ല.

ബി) പകർച്ചപ്പനി ഭീഷണി നേരിട്ടുവാൻ സമഗ്രമായ ആരോഗ്യ പരിരക്ഷാ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശ്യ-മുണ്ടോ;

ബി) ആരോഗ്യവകുപ്പ് ജനുവരി മാസം മുതൽ തന്നെ എല്ലാ ജില്ലകളിലും നിലനിൽക്കുന്ന പ്രധാന ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിന് ആവശ്യമായ ഒരു സമഗ്ര പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപദ്ധതിയ്ക്ക് രൂപം നൽകുകയുണ്ടായി. ഒരു വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും കൊതുകിന്റെ ഉറവിടനശീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളും മാർച്ച് മാസം മുതൽ തന്നെ വിവിധ തലങ്ങളിലായി നടപ്പിലാക്കി വരുന്നുണ്ട്. എന്നിരുന്നാലും കാലാവസ്ഥ-യിലെ വ്യതിയാനവും ജലദൗർലഭ്യവും അന്തരീക്ഷ താപനിലയിലെ ഏറ്റക്കുറച്ചില്-കളും കൊതുക് ഉൾപ്പെടെയുള്ള പ്രാണികൾ വർദ്ധിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. മാലിന്യ സംസ്കരണ സംവിധാനത്തിലെ പോരായ്മകൾ മൂലം എലികൾ വർദ്ധിക്കുവാനുള്ള സാഹചര്യം നിലനിൽക്കുന്നു. പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളിൽ തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ-യുള്ള ഇതര വകുപ്പുകളുടെ സഹകരണവും പൊതുജന പങ്കാളിത്തവും ഉറപ്പുവരുത്തി

കൂടുതൽ ഊർജ്ജിതമായി ഇത്തരം പ്രവർത്തനങ്ങൾ താഴെത്തട്ടിൽ നടപ്പിലാക്കുവാനുള്ള ശ്രമങ്ങൾ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. വാർഡ് ഹെൽത്ത് സാനിട്ടേഷൻ സമിതികൾ പുനർജീവിപ്പിച്ചുകൊണ്ട് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കുവാനും അതുവഴി വരും വർഷങ്ങളിൽ രോഗാതുരത കുറയ്ക്കുവാനുതകുന്ന പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

**സെക്ഷൻ ഓഫീസർ**